# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:520** 26.03.2018-ൽ മറുപടിയ്ക്ക്

## മത്സ്യ ഗ്രാമം പദ്ധതി

ചോദ്യം
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.വി. ജോയി
ശ്രീ.കെ.ഡി. പ്രസേനൻ
ശ്രീ.കെ.വി.അബ്ദുൾ ഖാദർ

മറുപടി
ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):

എ) കടൽത്തീരത്ത് നിന്ന് അമ്പതുമീറ്ററിന് ഉള്ളിലുള്ള അതീവ അപകടമേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി പ്രഖ്യാപിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;.

എ) കടലാക്രമണം രൂക്ഷമായ തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ ശുചിത്വമുള്ള ചുറ്റുപാടിൽ പുനരധിവസിപ്പിയ്ക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും" എന്ന പദ്ധതിയിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും സി.ആർ.ഇസഡ് അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരുമായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം @ 4 ലക്ഷം രൂപ | 4800.00 |
| 2 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിയ്ക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം @ 10 ലക്ഷം രൂപ | 7500.00 |

| | | |
|---|---|---|
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിയ്ക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ളാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം | 2000.00 |
| | ആകെ | 15000.00 |

ഭൂരഹിതരും ഭവനരഹിതരായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് സമുച്ചയ ത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നടത്തിവരുന്ന പ്രവർത്തി പൂർത്തീകരിച്ച കഴിഞ്ഞു. കൂടാതെ തിരുവനന്തപുരം കാരോട് വില്ലേജിൽ ഫിഷറീസ് വകുപ്പ് വിലയ്ക്ക് വാങ്ങിയ 2 ഏക്കർ 61 സെന്റ് സ്ഥലത്ത് 128 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് അപ്പാർട്ട്മെന്റ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ബി) മത്സ്യഗ്രാമം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എവിടെയെല്ലാമാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്നും അറിയിക്കാമോ;

ബി) വിലയിരുത്തിയിട്ടുണ്ട്. മത്സ്യഗ്രാമം പദ്ധതി ഈ സർക്കാരിന്റെ കാലത്ത് നിലവിലില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മത്സ്യഗ്രാമം പദ്ധതിയിൽ ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ പദ്ധതികൾ തുടരുന്നുണ്ട്. അതിൽ സ്ഥല ലഭ്യതയില്ലാത്തതും സാങ്കേതിക ക്ഷമതയില്ലാത്തതുമായ പദ്ധതികൾ ഉപേക്ഷിച്ചിട്ടുണ്ട്.

സി) തീരദേശത്തെ ശുചിത്വപരിപാലനത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി വരുന്നെന്ന് അറിയിക്കാമോ?

സി) തീരദേശ ഗ്രാമങ്ങളിലെ ശുചിത്വപാലനത്തിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെ ഒരു യോഗം വിളിച്ച ചേർത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തീരശുചിത്വം ഉറപ്പാക്കുവാൻ പദ്ധതികൾ നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. തീരദേശ ശുചിത്വ പദ്ധതികൾക്ക് പുറമെ കടലിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമാർജ്ജനം ചെയ്യുന്നതിനും ശുചിത്വസാഗരം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. കരയിൽ നിന്നും വലിച്ചെറിയുന്ന പ്ലാസ്റ്റിക്

മാലിന്യങ്ങളും, മത്സ്യബന്ധനം- ചരക്കു ഗതാഗതം എന്നിവയിലൂടെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളും മറ്റ് അജൈവ ഖര മാലിന്യങ്ങളും കടലിൽ എത്തുന്നുണ്ട്. കടൽപരപ്പിലും അടിത്തട്ടിലുമെല്ലാം നിറയുന്ന പ്ലാസ്റ്റിക് -ഖര മാലിന്യങ്ങൾ കടൽ ജീവികളുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടമുണ്ടാക്കി അവയുടെ പ്രജനനത്തെയും അതിജീവനത്തെയും സാരമായി ബാധിക്കുന്നു.

പ്ലാസ്റ്റിറ്റിക്കും, പ്ലാസ്റ്റിക് ഉല്പന്നങ്ങളും നിർമാർജ്ജനം ചെയ്യുന്നതിനായി വിവിധ വകുപ്പുകളുടേയും, ബോട്ട് ഓണേഴ്സ് അസ്സോസിയേഷന്റേയും സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിൽ നിന്നും ശേഖരിച്ച്, സംസ്ക്കരിച്ച് ഉല്പന്നങ്ങളാക്കി മാറ്റുന്ന ശുചിത്വസാഗരം പദ്ധതിയ്ക്ക് 05-08-2017 ൽ ബഹു: ഫിഷറീസ് വകുപ്പ് മന്ത്രി ശക്തികുളങ്ങര ഹാർബറിൽ തുടക്കം കുറിച്ചു.

ഫിഷറീസ് വകുപ്പ്, സൊസൈറ്റി ഫോർ അസിസ്റ്റന്റ്ഡ് ടു ഫിഷർ വിമൺ (സാഫ്), ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ശുചിത്വ മിഷൻ, നെറ്റ് ഫിഷ്, എന്നിവയുടെയും, ബോട്ട് ഓണേഴ്സ് അസ്സോസിയേഷന്റെയും സഹകരണത്തോടെ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നീണ്ടകര ഹാർബറിൽ ഒരു ഷ്രെഡ്ഡിംഗ് യൂണിറ്റ് സജ്ജീകരിച്ചിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം ആലപ്പാട്, മയ്യനാട്, പന്മന, നീണ്ടകര പഞ്ചായത്തിലും, കൊല്ലം കോർപ്പറേഷനിലും ഉള്ള പ്ലാസ്റ്റിക് ശേഖരിച്ച് ഷ്രെഡ്ഡിംഗ് മെഷീനിൽ സംസ്ക്കരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ, മാതൃഭൂമി സീഡ് പദ്ധതി പ്രകാരം കോസ്റ്റൽ പോലീസ്, പ്രൈവറ്റ് ഏജൻസി എന്നിവിടങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇവിടേയ്ക്ക് എത്തിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഒരു ദിവസം ഒരു ഷിഫ്റ്റിൽ 200 കിലോയോളം പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്ക്കരിച്ചു വരുന്നു.

**സെക്ഷൻ ആഫീസർ**